# 'ആരാച്ചാരി'ലെ മരണഭാവന

**ഉദയൻ എസ്.**
ഗവേഷകൻ, എൻ.എസ്.എസ്. കോളേജ്, നിലമേൽ, കൊല്ലം.

മനുഷ്യന്റെ എക്കാലത്തെയും ഏറ്റവും വലിയ ദാർശനിക സമസ്യയാണ് മരണം. ശാസ്ത്രവും കലയും തത്ത്വചിന്തയുമൊക്കെ തിരിച്ചും മറിച്ചും വിശകലനം ചെയ്തിട്ടും ഇന്നും അതൊരു ഉത്തരം കിട്ടാത്ത ചോദ്യം തന്നെ. ദേശകാലാതീതമായി സാഹിത്യത്തിന്റെയും ഇഷ്ടവിഷയമാണ് മരണം. മലയാളത്തിലും ഏതെങ്കിലും തരത്തിൽ മരണത്തെ സ്പർശിച്ചിട്ടില്ലാത്ത ഒരെഴുത്തുകാരനും/എഴുത്തുകാരിയും ഉണ്ടാകില്ല. ഭയമായും ആസക്തിയായും അനിശ്ചിതത്വമായും അതിജീവനത്വരയായുമൊക്കെ മരണം എഴുത്തിൽ പല രൂപത്തിൽ കടന്നുവന്നു. കാല്പനിക ഭാവനയായോ സാമൂഹികപ്രശ്നമായോ ദാർശനികപ്രശ്നമായോ ഒക്കെ മലയാള നോവലിലും മരണം ചിത്രീകരിക്കപ്പെട്ടു. അക്കൂട്ടത്തിൽ ഏറ്റവും ഒടുവിലത്തെ കണ്ണിയിൽ പെടുന്ന 2012-ൽ പുസ്തകരൂപത്തിൽ വന്ന കെ. ആർ. മീരയുടെ 'ആരാച്ചാർ'. മരണത്തിന്റെ ഏറ്റവും സൂക്ഷ്മവും സമകാലികവുമായ അടയാളപ്പെടുത്തലാണ് ആ നോവൽ. മലയാളം ലോകസാഹിത്യത്തിനു നൽകിയ സംഭാവനയായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞ ഈ കൃതിയിൽ 'മരണം' എന്ന സമസ്യ എപ്രകാരം പ്രശ്നവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നുള്ള ഒരന്വേഷണമാണ് ഈ പഠനത്തിന്റെ ലക്ഷ്യം.

### പ്രമേയം

'ജീവന്റെ ഘടികാരം പിന്നിലേക്ക് ചലിക്കാൻ തുടങ്ങുന്ന നിമിഷത്തെയാണ് മരണം എന്ന് വിളിക്കുന്നത്' (ആരാച്ചാർ, പുറം.316); ഇതായിരിക്കും മരണത്തിന് ഒരു നിർവ്വചനം അന്വേഷിച്ചാൽ 'ആരാച്ചാരി'ൽ നിന്ന് കിട്ടുന്ന ഉത്തരം. കൽക്കത്ത നഗരത്തിൽ ദിവസവും നൂറിലേറെ മൃതദേഹങ്ങൾ സംസ്കരിക്കുന്ന, ഗംഗാതീരത്തുള്ള നീംതലഘാട്ട് എന്ന

ശ്മശാനത്തിന്റെ പശ്ചാത്തലത്തിലാണ് നോവലിൽ ആരാച്ചാർ കുടുംബത്തിന്റെ ആവാസ വ്യവസ്ഥ ഒരുക്കിയിരിക്കുന്നത്. ഉപരിപ്ലവമായി പറഞ്ഞാൽ ഭരണകൂടനീതിനിർവ്വഹണത്തിനുവേണ്ടിയുള്ള കൊല ഉപജീവനമാർഗ്ഗമാക്കിയ ഒരു ആരാച്ചാർകുടുംബത്തിന്റെ ചരിത്രവും വർത്തമാനവുമാണ് ഈ നോവൽ. യതീന്ദ്രനാഥ ബാനർജി എന്ന കുറ്റവാളിയുടെ ദയാഹർജിയിൽ തുടങ്ങി വധശിക്ഷയിൽ അവസാനിക്കുന്ന വിധമാണ് നോവൽ സംവിധാനം ചെയ്തിരിക്കുന്നത്. മുഖ്യകഥാപാത്രമായ ചേതന ആരാച്ചാർപദവി നിർവ്വഹിക്കുന്ന ലോകത്തിലെതന്നെ ആദ്യസ്ത്രീയും. അങ്ങനെ നോക്കുമ്പോൾ പ്രമേയപരമായി തന്നെ 'ആരാച്ചാരി 'ന്റെ കാതൽ മരണമാണ്.

## മൃത്യുബിംബങ്ങൾ

"ലിവർ വലിക്കുമ്പോഴുള്ള ശബ്ദം ആകാശത്തും ഭൂമിയിലും വലിയ പെരുമ്പറ പോലെ പ്രതിധ്വനിക്കും. അതാണ് മരണത്തിന്റെ ശബ്ദം" (ആരാച്ചാർ, പുറം.32). തൂക്കുമരത്തിനു കീഴിലുള്ള നിലവറപ്പലകകൾ അകന്നുമാറുമ്പോഴുള്ള ഈ പെരുമ്പറ ശബ്ദവും ശ്മശാനത്തിലേക്കുള്ള ശവവണ്ടികളുടെ മണികിലുക്കവും സമീപത്തെ കാളീക്ഷേത്രത്തിൽ നിന്ന് ഇടയ്ക്കിടെ ഉയരുന്ന ബലിമൃഗങ്ങളുടെ കരച്ചിലുമൊക്കെയാണ് 'ആരാച്ചാരി'ൽ നിന്ന് മുഴങ്ങിക്കേൾക്കുന്ന ശബ്ദങ്ങൾ. നീംതലാഘാട്ടിലേക്കുള്ള ഇടതടവില്ലാത്ത ശവഘോഷയാത്രകളും ഗംഗാതീരത്ത് എരിയുന്ന ചിതകളും തൂക്കുമരത്തിലെ കയറിനുമേൽ കയ്യും കാലും ബന്ധിച്ച മനുഷ്യശരീരങ്ങൾ നടത്തുന്ന മരണ നൃത്തവുമാണ് ആരാച്ചാർ വായനക്കാർക്കു നൽകുന്ന ദൃശ്യാനുഭവങ്ങൾ. 'ഒരു മുറി സൊന്ദേഷ്... ... ... അത് കഴിക്കാതെ മരിക്കാൻ എനിക്ക് മനസ്സ് വന്നില്ല... ...' (ആരാച്ചാർ, പുറം 528) എന്ന് പറഞ്ഞ് യതീന്ദ്രനാഥ ബാനർജി തൂക്കുകയറിന് തല നീട്ടുമ്പോൾ സൊന്ദേഷിനും ഹിൽസയ്ക്കും മിഷ്ടിദോയ്ക്കുമെല്ലാം മരണത്തിന്റെ രുചിയാണ്. 'നമ്മുടെയെല്ലാം മനസ്സ് മരണത്തെ ഈ സൊന്ദേഷ് പോലെ നുണഞ്ഞിറക്കുന്നത് ഇഷ്ടപ്പെടുന്നു' (ആരാച്ചാർ, പുറം 194) എന്ന് ഫൊണിഭൂഷണം പറയുന്നുണ്ട്. മരണത്തിന്റെ മണമാണ് ചേതനയുടെ ജീവിതപരിസരത്തിന്. ശ്മശാനത്തിലെരിയുന്ന മനുഷ്യന്റെ ചിതയുടെ ഗന്ധം 'ആരാച്ചാരി'ൽ ആദ്യന്തം നിറഞ്ഞ് നിൽക്കുന്നു. മത്സ്യക്കറിയുടെയോ നെയ്യിൽ വറുത്തെടുത്ത ലൂചിയുടെയോ മണം പോലെ മരണം ചേതനയുടെ വീട്ടിൽ തങ്ങിനിന്നു. സഞ്ജീവ് കുമാർ മിശ്രയുടെ സ്റ്റുഡിയോയിൽ നിറഞ്ഞതും മരണത്തിന്റെ ഗന്ധം തന്നെയായിരുന്നു. 'പുലർച്ചെ മൂന്നുമണിക്ക് നിങ്ങളുടെ ജീവിതത്തിലെ ആ അവസാന

നിമിഷങ്ങളിൽ ജയിൽവളപ്പാകെ നിറയുന്ന മെഴുകിന്റെ ഗന്ധം മരണത്തിലേക്ക് പോകാറായി എന്ന് നിങ്ങളെ ഓർമ്മിപ്പിക്കുന്ന ആ അവസ്ഥ ' (ആരാച്ചാർ, പുറം 174) എന്ന് പറയുമ്പോൾ നോവലിൽ നിറയുന്നത് മരണമണം തന്നെ. കൈവെള്ളയിൽ മരിച്ചുകഴിഞ്ഞ രാമുദായുടെ കൺപീലികളുടെ പൂവിതൾ സ്പർശമായും വധശിക്ഷ നടപ്പിലാക്കിയശേഷം കൈകളിൽ അനുഭവപ്പെടുന്ന ഒരിക്കലും മാറാത്ത വഴുവഴുപ്പായും മൂടൽമഞ്ഞുപോലെ വ്യാപിച്ച ചിതകളിൽ നിന്നുള്ള പുകയായും ഇതിലെ കഥാപാത്രങ്ങൾ മരണത്തെ തൊട്ടറിയുന്നു. അങ്ങനെ പഞ്ചേന്ദ്രിയങ്ങൾ കൊണ്ടും 'ആരാച്ചാർ' മരണമനുഭവിപ്പിക്കുന്നു.

## മരണവും പ്രണയവും

പ്രണയം എപ്പോഴും മരണവുമായി ബന്ധപ്പെടുത്തിയാണ് 'ആരാച്ചാരി'ൽ അടയാളപ്പെടുത്തപ്പെട്ടത്. 'ഭൂമിയിൽ മരണത്തെക്കാൾ അനിശ്ചിതത്വം പ്രണയത്തിനുമാത്രമേയുള്ളൂ' (ആരാച്ചാർ, പുറം. 18) എന്നാണ് ചേതന സ്വന്തം പ്രണയം തിരിച്ചറിയുന്നതുതന്നെ. കഴുത്തിലെ മൂന്നും നാലും കശേരുക്കൾക്കിടയിൽ ഉറപ്പിച്ച കുടുക്കുപോലെയായിരുന്നു ഇതിലെ കഥാപാത്രങ്ങളുടെയെല്ലാം പ്രണയങ്ങൾ. സഞ്ജീവിന്റെ പ്രണയവും വ്യത്യസ്തമല്ല. തനിക്ക് ആവശ്യമുള്ളപ്പോഴെല്ലാം അയാൾ ആ കുടുക്കു മുറുക്കി അവളെ വരുതിക്കുനിർത്തി. അതേസമയം ചേതനയുടെ പ്രണയ പ്രതികാരവും ദുപ്പട്ടയിലെ കുടുക്കുകൾ തന്നെയായിരുന്നു. "കൃത്യമായ അളവിൽ അയാൾക്കുവേണ്ടി ഞാൻ കയർ അളന്നെടുക്കും. ഒരിഞ്ചുകൂടുകയുമില്ല; കുറയുകയുമില്ല. അയാളെ എനിക്കും ഒരിക്കലെങ്കിലും അനുഭവിക്കണം" (ആരാച്ചാർ, പുറം 58) എന്ന തീരുമാനം ചേതന സ്റ്റുഡിയോയിലെ തൂക്കുമരത്തിൽ ക്യാമറയ്ക്ക് മുന്നിൽ തൽസമയം നടപ്പിലാക്കുമ്പോൾ പ്രണയവും പ്രതികാരവും മരണത്തിൽ സന്ധിക്കുന്നു. ചേതനയുടെ സഹോദരി നീഹാരികയുടെ പ്രണയവും ഒരു ശവഘോഷയാത്രയുടെ പശ്ചാത്തലത്തിലാണ് തളിർക്കുന്നത്. കാളിചരൺ ഗൃദ്ധാമല്ലിക് പിതാമഹന് ബിനോദിനി എന്ന അഭിനേത്രിയോടുള്ള പ്രണയം ഇപ്രകാരമായിരുന്നു: "തൂക്കിക്കൊലയ്ക്കുശേഷം നിലവറയിലേക്ക് നീങ്ങുന്ന കയർപോലെ നാടകംകണ്ട് തിരിച്ചെത്തിയിട്ടും അദ്ദേഹത്തിന്റെ ഞരമ്പുകൾ വെട്ടിവിറച്ചു" (ആരാച്ചാർ, പുറം. 272).

## മരണവും ചരിത്രവും

കഥ പറയുന്നതോടൊപ്പം ഉപകഥകളിലൂടെ ചരിത്രത്തെയും അപനിർമ്മിക്കുന്നുണ്ട് 'ആരാച്ചാർ'. ആ അപനിർമ്മാണങ്ങളുടെയെല്ലാം

കേന്ദ്രമോ തുടക്കമോ ഒടുക്കമോ മരണമായിരുന്നു. പിതാമഹൻമാരെക്കുറിച്ച് ഥാക്കുമാ ചേതനയ്ക്ക് പറഞ്ഞ് കൊടുത്ത എല്ലാ കഥകളും മരണത്തെക്കുറിച്ചുകൂടിയുള്ളതായിരുന്നു. മുത്തശ്ശിക്കഥകളിലൂടെ ആരാച്ചാർ കുടുംബത്തിന്റെയും കൽക്കത്തയുടെയും ഭരണകൂടങ്ങളുടെയും ചരിത്രം പുനർനിർമ്മിക്കുമ്പോൾ ആ പുനഃസൃഷ്ടിക്കുള്ള ഉപാധി പലതരം തൂക്കിക്കൊലകളായിരുന്നു.

## മരണവും അധികാരവും

"ആരുടെയെങ്കിലുമൊക്കെ മരണം എല്ലാവർക്കും ആവശ്യമുണ്ട് സ്വന്തം അധികാരം അടയാളപ്പെടുത്താൻ" (ആരാച്ചാർ, പുറം. 49) എന്ന് 'ആരാച്ചാർ' വ്യക്തമാക്കുന്നു. രാജഭരണത്തിന്റെ കാലത്തും ബ്രീട്ടീഷുകാരുടെ കാലത്തും പിന്നീട് ജനാധിപത്യകാലത്തും ആരാച്ചാർമാർ ഇല്ലാത്ത ഒരു ചരിത്രമോ വർത്തമാനമോ ഭരണകൂടങ്ങൾക്ക് ഉണ്ടായിരുന്നില്ല. വധശിക്ഷയുടെ നൈതികത സൂക്ഷ്മമായി പ്രശ്നവൽക്കരിക്കുന്നുണ്ട് ഈ നോവലിൽ. ഭരണകൂടങ്ങൾക്ക് വധശിക്ഷ നീതി നടപ്പാക്കൽ എന്നതിലേറെ അധികാരത്തിന്റെ അടയാളപ്പെടുത്തലാണ്. കൊല്ലുകയല്ല ശിക്ഷ, മറ്റെന്തോ ആണ് എന്ന് തിരിച്ചറിയുമ്പോഴും തന്റെ അച്ഛൻ വധശിക്ഷയ്ക്ക് വിധേയരാക്കിയവരിൽ ഭൂരിപക്ഷവും ദരിദ്രരായിരുന്നു എന്ന് വാദിക്കുമ്പോഴും തങ്ങൾ ഗവൺമെന്റിന്റെ ഉപകരണങ്ങൾ മാത്രമാണ് എന്ന് സ്വയം ന്യായീകരിക്കുമ്പോഴും ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്ന പട്ടിണിമരണങ്ങളെക്കുറിച്ച് രോഷം കൊള്ളുമ്പോഴും ചേതന എന്ന 'ഇന്ത്യയുടെ ആദ്യവനിതാആരാച്ചാർ'ക്കും വധശിക്ഷ/മരണം നൽകുന്നത് അധികാരം തന്നെയാണ്. കാമുകി എന്ന നിലയിലും സ്ത്രീ എന്ന നിലയിലും മനുഷ്യൻ എന്ന നിലയിലും സ്വന്തം അസ്തിത്വം രേഖപ്പെടുത്താനുള്ള ഉപാധിയും അതിജീവനത്തിനുള്ള ആയുധവുമായിരുന്നു ചേതനയ്ക്ക് ആരാച്ചാർപദവി. വധശിക്ഷ നടപ്പിലാക്കാൻ ധനുസ്സ് തൂക്കി യുദ്ധത്തിന് പുറപ്പെടുന്ന യോദ്ധാവിനെപ്പോലെ ചുമലിൽ കയർ ചുരുളുമായി ചേതന ജയിലിലേക്ക് പുറപ്പെടുന്നതും ഒടുവിൽ കൊലയ്ക്കുശേഷം അധികാരത്തിന്റെ പ്രാചീനമായ ആ ലോഹത്തിൽ (ലിവർ) കൈത്തലം ഒട്ടിപ്പോയതായി ചേതനയ്ക്ക് തോന്നുന്നതും അതുകൊണ്ടു തന്നെയാണ്.

## മരണവും വിപണിയും

ആഗോളവൽകരണ കാലത്തെ കച്ചവടസംസ്കാരത്തിൽ മനുഷ്യൻ ഉപഭോക്താവാണ്. മരണവും ഇവിടെ നല്ല കച്ചവടസാധ്യതയുള്ള ചരക്ക്

തന്നെയാണ്. ആരാച്ചാർ കുടുംബത്തിന് അത് ഉപജീവനമാർഗ്ഗമാണ്. നീംതലഘാട്ടിന് സമീപത്തുള്ള പലഹാരക്കടക്കാരുടെയും മുളമഞ്ച വ്യാപാരികളുടെയും വിറകുകച്ചവടക്കാരുടെയും ജീവിതം ശ്മശാനത്തിലേക്കുള്ള മൃതദേഹങ്ങളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. ഒരവസരം വന്നപ്പോൾ മകൾക്ക് ഒരു ജോലി എന്ന ഡിമാന്റ് മുന്നോട്ട് വയ്ക്കുന്ന ഫൊണിഭൂഷൺ, ഉപജീവനോപാധി എന്നതിനപ്പുറം മരണത്തിന്റെ കച്ചവടസാധ്യതയും കൃത്യമായി തിരിച്ചറിയുന്നുണ്ട്. സഞ്ജുബാബു എന്ന മാധ്യമ പ്രവർത്തകന് മരണങ്ങൾ വാർത്തകൾ സൃഷ്ടിക്കാനുള്ള സ്റ്റോറികൾ മാത്രമാണ്. ന്യൂസ് വാല്യൂ ഇല്ലാത്ത അംലഷോളിലെ പട്ടിണി മരണങ്ങൾ അയാളുടെ ചാനലിന് ആവശ്യമില്ല. അതേസമയം എന്ത് വില കൊടുത്തും (സ്വന്തം പ്രണയംപോലും) ചേതനയെ വിലയ്ക്കെടുത്ത് അയാൾ സ്വന്തം ചാനലിന്റെ റേറ്റിംഗ് നിലനിർത്തി.

ദാർശനിക മരണങ്ങൾ

സഞ്ജു ചേതനയെ തന്റെ അമ്മ മരിച്ചുപോയി എന്നാണ് ധരിപ്പിച്ചിരിക്കുന്നതെന്നറിഞ്ഞ ത്രൈലോക്യാദേവി "ഒരാൾ യഥാർത്ഥത്തിൽ ഏതുവിധമാണ് മരിക്കുന്നതെന്ന് ആർക്ക് പറയാൻ കഴിയും" (ആരാച്ചാർ, പുറം .141) എന്നാണ് പ്രതികരിക്കുന്നത്. മനുഷ്യന് ഭൗതികമരണങ്ങൾക്കപ്പുറമുള്ള മറ്റ് പല മരണങ്ങളും ഉണ്ടാകാം. പുരുഷനെ ആഹ്ലാദിപ്പിക്കാൻ കഴിവുള്ള പെണ്ണ് എന്ന നിലയിൽ ഭാര്യയെ ഭയന്ന ഭർത്താവിനെ ഉപേക്ഷിച്ച് അഭിമാനത്തോടെ പുരുഷൻമാർക്ക് ആത്മാവ് പങ്ക് വയ്ക്കുന്ന ആഗ്രാവാലിയുടെ ജീവിതം തിരഞ്ഞെടുക്കുമ്പോഴാണ് ത്രൈലോക്യാദേവി എന്ന അമ്മ സഞ്ജീവ് കുമാർ മിശ്ര എന്ന മകന്റെ മനസ്സിൽ മരിക്കുന്നത്. താൻ ചതിക്കപ്പെട്ടു എന്നറിയുമ്പോൾ ബിനോദിനിയിലെ അഭിനേത്രി ആത്മഹത്യചെയ്യുന്നു. ഭക്ഷണത്തിനും കിടപ്പാടത്തിനും വേണ്ടി കാമുകനെ ഉപേക്ഷിച്ച് ആരാച്ചാരെ ഭർത്താവായി സ്വീകരിച്ചപ്പോൾ ചേതനയുടെ അമ്മ സച്ചിൻമയീ ദേവിയും മരിച്ചിട്ടുണ്ടാകണം.ഫൊണിഭൂഷൻ വെട്ടിക്കൊല്ലുന്നതിന് മുമ്പുതന്നെ—ഭർത്താവിന്റെ ചികിത്സയ്ക്ക് സ്വയം വിൽക്കേണ്ടി വന്നപ്പോൾ—കാക്കിമായും മരിച്ചിരുന്നു. പുരുഷന്റെ ചതിയിൽ വെപ്പാട്ടിയായി മരിച്ച പിംഗളകേശിനി എന്ന പൂർവ്വിക ആരാച്ചാരായി പുനർജ്ജനിച്ചു.

മരണം എന്ന ദൃശ്യകല

"ആരാച്ചാരിലുടനീളം മരണവും കൊലകളും രക്തവുമുണ്ട്. അതൊക്കെ അശാന്തി നിറഞ്ഞ സൗന്ദര്യാനുഭൂതിയായാണ്

വായനക്കാരനറിയുന്നത്" ('ഒടിയുന്ന കഴുത്തുകളുടെ സംഗീതം', ആരാച്ചാർ പഠനങ്ങൾ, പുറം.21) എന്ന് എം. മുകുന്ദൻ രേഖപ്പെടുത്തുന്നു. ആരാച്ചാർ അരങ്ങിൽ നിറഞ്ഞാടുന്ന ഒരു നടനായും മരണം ഒരു മികച്ച കാലാസൃഷ്ടിയായും മാറുന്നുണ്ട് ഈ നോവലിൽ. നാടകനടൻ കൂടിയായ ഫൊണീഭൂഷനെന്ന മുഖ്യആരാച്ചാർ അരങ്ങിൽ കയറുമ്പോൾ കഴുത്തിൽ ഒരു കുടുക്കുമുറുകി മരണവെപ്രാളം അനുഭവിച്ച് സ്വയം ഇല്ലാതായി കഥാപാത്രമായി പുനർജനിക്കുമായിരുന്നു. എന്നാൽ തൂക്കുമരത്തിനു മുന്നിൽ ലിവർ വലിക്കാൻ തുടങ്ങുമ്പോൾ നാടകത്തിൽ ഏതോ കഥാപാത്രമായി അഭിനയിക്കുകയാണെന്നായിരുന്നു അദ്ദേഹത്തിനു തോന്നിയിരുന്നത്. ചേതനയുടെ അനുഭവവും മറ്റൊന്നല്ല. ജയിലിനുള്ളിൽ ചാരനിറമുള്ള ആകാശത്തിനു കീഴിൽ മങ്ങിയവെയിലിൽ ഒരു അപൂർണ്ണശില്പം പോലെ കാണപ്പെട്ട തൂക്കുമരം ഒരു ഇൻസ്റ്റലേഷൻപോലെ മനോഹരമായാണ് ചേതനയ്ക്ക് അനുഭവപ്പെട്ടത്. "ഏതോ നാടകത്തിലെ വെറുമൊരു കഥാപാത്രത്തെപ്പോലെ ആരോ നിശ്ചയിച്ച ചലനങ്ങളിലൂടെ ആരുടെയോ ആസ്വാദനശേഷി തൃപ്തിപ്പെടുത്താൻ ഞാനും ഒരുമ്പെട്ടു" (ആരാച്ചാർ, പുറം. 530) എന്നാണ് തൂക്കിക്കൊല എന്ന അനുഭവത്തെ ചേതന രേഖപ്പെടുത്തിയത്.

ആദ്യമായി വധശിക്ഷ കണ്ടാസ്വദിക്കാനുള്ള ഒരു ചടങ്ങാക്കിമാറ്റിയത് ചേതനയുടെ കുടുംബത്തിലെ കാലാമല്ലിക് പിതാമഹനാണ്. കഴുത്തിലെ കുടുക്കുമുറുകുമ്പോൾ മനുഷ്യശരീരം അന്തരീക്ഷത്തിൽ നടത്തുന്ന നൃത്തത്തിന് കൊഴുപ്പേകാൻ അവരുടെ കൈകാലുകൾ സ്വതന്ത്രമാക്കണമെന്നതായിരുന്നു കാലാപിതാമഹന്റെ കാഴ്ചപ്പാട്. മരണത്തിന്റെ ഈ ഭീകരസൗന്ദര്യാത്മകതലം തിരിച്ചറിഞ്ഞതുകൊണ്ടാണ് വർത്തമാനകാല ദൃശ്യമാധ്യമപ്രതിനിധിയായ സഞ്ജീവ് കുമാർ വധശിക്ഷ ഷൂട്ട് ചെയ്യാൻ ശ്രമിക്കുന്നത്. അതു പരാജയപ്പെട്ടപ്പോൾ അയാൾ സ്റ്റുഡിയോയിൽതന്നെ തൂക്കുമരം നിർമ്മിച്ച് ചേതനയെക്കൊണ്ട് തൽസമയം തൂക്കിലേറ്റി പ്രേക്ഷകർക്ക് ദൃശ്യവിരുന്നൊരുക്കാൻ ശ്രമിക്കുന്നു. മരണങ്ങൾ എല്ലാക്കാലത്തും മഹത്തായ ഒരു നാടകംപോലെ മനുഷ്യനെ രസിപ്പിക്കുന്ന ഉത്തമകലാസൃഷ്ടികൾ കൂടിയായിരുന്നു.

നിരവധി മരണങ്ങൾകൊണ്ട് ഇഴപിരിച്ചെടുത്ത ഒരു തൂക്കുകയർ ആണ് 'ആരാച്ചാർ'. ആണ്മയുടെ അഹന്ത, ഭരണകൂടഭീകരത, കപട മാധ്യമ ധാർമ്മികത തുടങ്ങി പലതും അതിന്മേൽ തൂങ്ങിയാടി. ചരിത്രം, പ്രണയം, നിയമവ്യവസ്ഥ, അധികാരം, കല തുടങ്ങി പല വിഷയങ്ങൾ പ്രശ്നവൽക്കരിക്കുമ്പോഴും ആ പ്രശ്നങ്ങളെയെല്ലാം ഒന്നിച്ചുകോർക്കുന്ന

നൂലായി മരണം 'ആരാച്ചാരി'ൽ നിറഞ്ഞുകവിയുന്നു. മരണമാണ് 'ആരാച്ചാരി'ലെ സ്ഥായീഭാവം. 'ലോകം കൊല്ലാൻശ്രമിക്കുന്ന ഒറ്റപ്പെട്ട ആത്മാക്കളാണ് എഴുത്തുകാർ. മരിക്കാതിരിക്കാൻ വേണ്ടിയാണ് അവരുടെ എഴുത്ത്.' (വയലാർ അവാർഡ് പ്രഭാഷണം, ആരാച്ചാർ, പഠനങ്ങൾ, പുറം. 163) എന്ന് കെ.ആർ. മീര അഭിപ്രായപ്പെടുന്നുണ്ട്. 'ആരാച്ചാർ' എന്ന സൃഷ്ടിയിലൂടെ മീര എന്ന എഴുത്തുകാരി മരണത്തെയും തൂക്കിലേറ്റുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. അശോകൻ സി. (എഡിറ്റർ), ആരാച്ചാർ പഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2015.
2. കുര്യാസ് കുമ്പളക്കുഴി, മൃത്യുബോധം മലയാള കാല്പനിക കവിതയിൽ, ജീവൻ ബുക്സ്, 1988.
3. മീര കെ.ആർ, ആരാച്ചാർ, ഡി.സി.ബുക്സ്, 2014.